# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1440

07-06-2018-ൽ
മറുപടി നൽകേണ്ടത്

## കുളത്തൂർ സർക്കാർ കോളേജിൽ പുതിയ കോഴ്സ്

**ചോദ്യം** **ഉത്തരം**

ശ്രീ. കെ. ആൻസലൻ : പ്രൊഫ.സി. രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | |
|---|---|
| **എ)** നെയ്യാറ്റിൻകര കുളത്തൂർ ഗവൺമെന്റ് കോളേജിലെ നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ട് കിറ്റ്കോ ഡി.പി.ആർ. പൂർത്തിയാക്കി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | **എ)** നെയ്യാറ്റിൻകര കുളത്തൂർ ഗവൺമെന്റ് കോളേജിലെ നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ട ഡി.പി.ആർ തയ്യാറായിവരുന്നു. |
| **ബി)** കുളത്തൂർ ഗവൺമെന്റ് കോളേജിൽ പുതിയ കോഴ്സ് ആവശ്യപ്പെട്ടുകൊണ്ട് എം.എൽ.എ.യുടെ കത്തുൾപ്പെടെ കോളേജ് പി.റ്റി.എ. കമ്മിറ്റി നൽകിയ നിവേദനത്തിൻമേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; | **ബി)** ടി കത്തിൻ മേൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| **സി)** 2018-19 അദ്ധ്യയന വർഷത്തിൽ എത്ര പുതിയ കോഴ്സുകളാണ് കുളത്തൂർ കോളേജിൽ ആരംഭിക്കുന്നത് എന്ന് വ്യക്തമാക്കാമോ; | **സി)** M.Sc ജ്യോഗ്രഫി, B.A ട്രാവൽ & ടൂറിസം എന്നീ പുതിയ കോഴ്സുകൾ ആരംഭിക്കുവാൻ കോളേജ് വിദ്യാഭ്യാസവകുപ്പ് ഡയറക്ടർക്ക് പ്രൊപ്പോസൽ കോളേജ് പ്രിൻസിപ്പൽ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ ടി |

| | |
|---|---|
| | കോളേജിൽ ബി.റ്റി.റ്റി.എം കോഴ്സ് അനുവദിക്കുന്നത് സംബന്ധിച്ച് കേരളാ സ്റ്റേറ്റ് ഹയർ എഡ്യൂക്കേഷൻ കൗൺസിലിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ട്. |
| **ഡി)** കളത്തൂർ ഗവൺമെന്റ് കോളേജിന് എന്തൊക്കെ അപര്യാപ്തതകളാണ് നിലവിൽ ഉള്ളതെന്ന് വിശദീകരിക്കാമോ? | **ഡി)** കോളേജിന്റെ പ്രധാനപ്പെട്ട നിലവിലുള്ള അപര്യാപ്തതകൾ ചുവടെപ്പറയുന്നവയാണ്.<br>1. കോളേജ് പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെയും സ്ഥലത്തിന്റെയും ഉടമസ്ഥാവകാശം ഇതുവരെ കോളേജ് വിദ്യാഭ്യാസ വകുപ്പിന് കൈമാറി കിട്ടിയിട്ടില്ല.<br>2. മതിയായ കെട്ടിട സൗകര്യമില്ല<br>3. കോളേജിന് സ്വന്തമായി ജലസ്രോതസ്സ് ഇല്ലാത്തതിനാൽ കുടിവെള്ളത്തിനായി അടുത്തുള്ള സ്ഥാപനത്തെ ആശ്രയിക്കേണ്ടി വരുന്നു. |

**സെക്ഷൻ ഓഫീസർ**